പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

തൊഴിലുറപ്പു പദ്ധതി കുടിശ്ശിക വിതരണം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1334

13.06.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. ഇ. കെ. വിജയൻ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | തൊഴിലുറപ്പ് പദ്ധതിയുടെ തുക കേന്ദ്രസർക്കാരിൽ നിന്ന് ഏത് കാലയളവുവരെ ലഭിച്ചിട്ടുണ്ട്; | (എ) | തൊഴിലുറപ്പ് പദ്ധതിയുടെ തുക നടപ്പ് വർഷത്തിൽ ആദ്യഗഡുവിന്റെ രണ്ടു ഭാഗങ്ങൾ ലഭിച്ചിട്ടുണ്ട്. |
| (ബി) | കേരള സർക്കാർ തൊഴിലുറപ്പ് പദ്ധതിയുടെ ഏത് കാലയളവുവരെയുള്ള തുക തീർപ്പാക്കിയിട്ടുണ്ട്; | (ബി) | കേരള സർക്കാർ പദ്ധതിയുടെ 2013-14 ഫെബ്രുവരി മാസം വരെയുള്ള കാലയളവിലെ വേതനം പൂർണ്ണമായും 2014 മാർച്ച് മാസത്തിലെ വേതനം ഭാഗികമായും തീർപ്പാക്കിയിട്ടുണ്ട്. |
| (സി) | നിലവിലുള്ള കുടിശ്ശിക തീർപ്പാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (സി) | സംസ്ഥാനത്ത് കുടിശ്ശിക പൂർണ്ണമായി തീർപ്പാക്കുന്നതിനുള്ള തുക ലഭ്യമാകുന്ന മുറയ്ക്ക് കുടിശ്ശിക തീർപ്പാക്കുന്നതാണ്. |
| (ഡി) | തൊഴിലുറപ്പ് പദ്ധതി കുടിശ്ശിക തുക തീർപ്പുകൽപിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | (ഡി) | സംസ്ഥാനത്ത് കുടിശ്ശിക തുക തീർപ്പാക്കുന്നതിന് സംസ്ഥാന സർക്കാർ ത്രിതല പഞ്ചായത്തുകളുടെ മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 31.03.2014 വരെ ചെലവഴിക്കാൻ സാധ്യതയില്ലാത്ത തുക വായ്പയായി എടുക്കുന്നതിന് അനുമതി നൽകുകയും അപ്രകാരം സമാഹരിച്ച തുക വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ഇതുപോലെ കേന്ദ്ര സർക്കാരിൽ നിന്നും നടപ്പ് വർഷാരംഭത്തിൽ തുക ലഭിക്കുകയും ആയത് വിനിയോഗിക്കുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ